**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1336** **15.6.2012-ൽ മറുപടിക്ക്**

ഷൊർണ്ണൂർ നഗരസഭ നേരിടുന്ന മാലിന്യപ്രശ്നം

| **ചോദ്യം** | **ഉത്തരം** |
| --- | --- |
| ശ്രീമതി.കെ.എസ്.സലീഖ | ശ്രീ.മഞ്ഞളാംകുഴി അലി<br><br>(മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| എ) നഗരസഭകളിലെ മാലിന്യപ്രശ്നം പരിഹരിക്കുന്നതിന് ആധുനിക സാങ്കേതികവിദ്യ ഉപയോഗിക്കുന്നതിനായി എന്തൊക്കെ പദ്ധതികൾക്കാണ് രൂപം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; | എ) നഗരസഭകളിൽ നിലവിലുള്ള ഖരമാലിന്യ സംസ്ക്കരണ പ്ളാന്റുകളിൽ വിശേഷിച്ച് കോർപ്പറേഷനുകളിൽ വിവിധ തരത്തിലുള്ള മലിനീകരണ പ്രശ്നങ്ങളും പരിസ്ഥിതി പ്രശ്നങ്ങളും ഉണ്ടാകുന്നതായി പൊതുജനങ്ങളിൽ നിന്നുള്ള പരാതികളും ഉണ്ടായ സാഹചര്യത്തിൽ നവീന സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്താനുള്ള ശ്രമം ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൈക്കൊണ്ടു. 100 ൽ പരം ഏജൻസികൾ നവീന സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് പി.പി.പി. അടിസ്ഥാനത്തിൽ പ്ലാന്റ് സ്ഥാപിക്കുന്നതിന് മുന്നോട്ട് വന്നിട്ടുണ്ട്. പത്ര പരസ്യം നൽകി ദേശീയ തലത്തിൽ ഇത്തരത്തിലുള്ള നവീന സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് പി.പി.പി. അടിസ്ഥാനത്തിൽ പ്ലാന്റുകൾ സ്ഥാപിക്കാൻ താല്പര്യമുള്ള ഏജൻസികളിൽ നിന്നും പദ്ധതി നിർദ്ദേശം ക്ഷണിച്ചിരുന്നു. 49 ഏജൻസികൾ പദ്ധതി നടപ്പിലാക്കാനായി ആഗ്രഹം പ്രകടിപ്പിച്ച് മുന്നോട്ട് വന്നിരുന്നു. ഡോ.ആർ.വി.ജി.മേനോൻ, ചെയർമാനായിട്ടുള്ള ഒരു സാങ്കേതിക സമിതി ഇപ്രകാരം ലഭിച്ചിട്ടുള്ള പ്രൊപ്പോസലുകൾ പരിശോധിച്ച് സർക്കാരിലേക്ക് ശുപാർശ നല്കണമെന്ന് ആവശ്യപ്പെട്ടിരുന്നു. ഈ സാങ്കേതിക സമിതി ഇപ്രകാരം ലഭിച്ച പ്രൊപ്പോസലുകളിൽ നിന്നും 12 ഏജൻസികളെ ഷോർട്ട് ലിസ്റ്റ് ചെയ്യുകയും കൂടാതെ ഇവയിൽ നിന്ന് 3 സാങ്കേതിക വിദ്യകൾ അനുയോജ്യമെന്ന് കാണുകയും ചെയ്തു. തുടർന്ന് നവീന സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് പി.പി.പി. അടിസ്ഥാനത്തിൽ പ്ലാന്റ് സ്ഥാപിക്കുന്നതിന് തയ്യാറുള്ള പ്രൊപ്പോസലുകൾ ക്ഷണിക്കുകയും അവയിൽ നിന്ന് |

തിരുവനന്തപുരം നഗരസഭയിൽ 35 tpd കപ്പാസിറ്റിയുള്ള പൈലറ്റ് പ്രോജക്ട് സ്ഥാപിക്കാനുള്ള നടപടികളുമായി മുന്നോട്ട് പോകുകയും ചെയ്യുന്നു.
കൂടാതെ തിരുവനന്തപുരം എറണാകുളം, കോഴിക്കോട് എന്നീ സ്ഥലങ്ങളിൽ മേഖലാടിസ്ഥാനത്തിൽ നവീന സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള പ്ളാന്റുകളും കണ്ണൂർ, തൃശൂർ, കോട്ടയം എന്നിവിടങ്ങളിൽ സംസ്ക്കരണ പ്ളാന്റുകളും സ്ഥാപിക്കുന്നതിലേക്കുള്ള നടപടി സർക്കാരിന്റെ പരിഗണനയിലാണ്.

ബി) സംസ്ഥാനത്തെ വിവിധ നഗരസഭകൾ രൂക്ഷമായ മാലിന്യപ്രശ്നം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; അത്തരം നഗരസഭകൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ ;

ബി) സംസ്ഥാനത്ത് തിരുവനന്തപുരം, കൊല്ലം, കോട്ടയം, തൃശൂർ, തലശ്ശേരി, കണ്ണൂർ എന്നീ നഗരസഭകളിൽ മാലിന്യ പ്രശ്നം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

സി) റെയിൽവേയുടെ മാലിന്യങ്ങൾ കുന്നുകൂടി കിടക്കുന്നത് മൂലം ഷൊർണ്ണൂർ നഗരസഭ നേരിടുന്ന മാലിന്യപ്രശ്നം മൂലം മഴക്കാലത്ത് സാംക്രമിക രോഗങ്ങൾ പടർന്നുപിടിക്കുന്നത് തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ ?

സി) ഷൊർണ്ണൂർ നഗരസഭയിലെ മാലിന്യം പൂർണ്ണമായി സംസ്കരിക്കുന്നതിന് സംവിധാനം നിലവിലില്ല. ടി സാഹചര്യത്തിൽ റെയിൽവേയുടെ മാലിന്യങ്ങൾ കൂടി ശേഖരിച്ച് സംസ്കരിക്കുന്നതിന് നഗരസഭക്ക് കഴിയുകയില്ലായെന്ന് റെയിൽവേയെ നഗരസഭ അറിയിച്ചി ട്ടുള്ളതാണ്. സാംക്രമിക രോഗങ്ങൾ പടർന്നു പിടിക്കുന്നതു തടയുന്നതിന്റെ ഭാഗമായി റെയിൽവേയുടെ മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുള്ളതാണ്.

സെക്ഷൻ ഓഫീസർ